# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 565** **05/07/2013-ൽ മറുപടി നല്ലേണ്ടിയിരുന്നത്**

## വിദ്യാർത്ഥികളുടെ കണക്കെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി ഇ.എസ്. ബിജിമോൾ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലുമായി ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഈ അധ്യയന വർഷം മൊത്തം എത്ര വിദ്യാർത്ഥികൾ പഠനം ആരംഭിച്ചിട്ടുണ്ട്; ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ 38,51,515 വിദ്യാർത്ഥികൾ പഠനം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് ഈ അദ്ധ്യയന വർഷം 1,34,673 കുട്ടികളുടെ കുറവുണ്ട്. |
| (ബി) ഈ അധ്യയന വർഷം വിദ്യാർത്ഥികളുടെ എണ്ണം കുറവാണെങ്കിൽ അതെന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ജനനനിരക്കിൽ കുറവുണ്ടായതുമൂലം മൊത്തം കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. സ്വകാര്യ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചതും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്. |
| (സി) വിദ്യാർത്ഥികളുടെ കണക്കെടുപ്പ് നടത്തുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) ആറാം പ്രവൃത്തി ദിനത്തിൽ സ്കൂളിലെ ഹാജർ പുസ്തകത്തിൽ പേര് ചേർത്തിട്ടുള്ള കുട്ടികളുടെ എണ്ണമാണ് എടുക്കുന്നത്. ഇവ സ്കൂളിൽ നിന്നും എ.ഇ.ഒ/ഡി.ഇ.ഒ തലത്തിൽ ശേഖരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ ആഫീസുകളിൽ ക്രോഡീകരിച്ചാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നത്. |

Sreedevi

**സെക്ഷൻ ഓഫീസർ**